LIBRARY ARCHIVES Kerala Legislative Assembly

എൻ.പി.എസ്. പുനഃപരിശോധനാ റിപ്പോർട്ട്

49(5204) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.പി.എസ്. പുന:പരിശോധനാ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) എൻ.പി.എസ്. പുന:പരിശോധനാ കമ്മിറ്റി 30-4-2021-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

മെഡിസെപ് പദ്ധതി

50(5205) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയുടെ ഭാഗമായി നിലവിൽ ഏതൊക്കെ ഇൻഷ്വറൻസ് സ്ഥാപനങ്ങളാണ് പ്രൊപ്പോസലുകൾ നൽകിയിട്ടുള്ളത്; അറിയിക്കുമോ?

മെഡിസെപ് പദ്ധതിയുടെ പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികളുടെ ഭാഗമായി വിവിധ ഇൻഷ്വറൻസ് കമ്പനികളിൽനിന്നും ടെണ്ടർ ക്ഷണിക്കുകയുമുണ്ടായി. റീ-ടെണ്ടർ ക്ഷണപ്രകാരം 1. Oriental Insurance Company 2. National Insurance Company 3. New India Insurance Company 4. Reliance General Insurance Company എന്നീ കമ്പനികളാണ് പ്രൊപ്പോസലുകൾ സമർപ്പിച്ചത്.

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും എത്ര രൂപയാണ് വിഹിതമായി നൽകേണ്ടിവരുന്നതെന്ന് വ്യക്തമാക്കുമോ?

മെഡിസെപ് പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഇൻഷ്വറൻസ് കമ്പനിയെ തെരെഞ്ഞെടുത്തതിനുശേഷം ഔദ്യോഗികമായി പ്രഖ്യാപിക്കുന്ന മുറയ്ക്കുമാത്രമേ സർക്കാർ ജീവനക്കാരിൽനിന്നും പെൻഷൻകാരിൽനിന്നും ഈടാക്കുന്ന പ്രീമിയം തുക സംബന്ധിച്ച വിവരങ്ങൾക്ക് വ്യക്തത വരികയുള്ളൂ.